(ബി) ഇതിന്റെ ഡാറ്റ മുഴുവനും കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) -ന്റെ സ്വന്തം സർവ്വറിലാണ്.

(സി) ടെൻഡർ നടപടിക്ക് ഇ-ടെൻഡർ നടത്തുന്ന കമ്പനിക്ക് (കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്)) നൽകിയ റേറ്റിന്റെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.* കമ്പനിയുമായിട്ടുള്ള എഗ്രിമെന്റിന്റെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

160 (2715) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണപ്രവർത്തനം അടിയന്തരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് 4-11-2013-ൽ 16.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആദ്യം ടെൻഡർ വിളിച്ചപ്പോൾ ആരും കാട്ട് ചെയ്യാതിരുന്നതിനാൽ 5-6-2014-ൽ വീണ്ടും ടെൻഡർ വിളിക്കുകയുണ്ടായി. ലഭിച്ച ടെൻഡർ ബോർഡിന്റെ പരിഗണനയ്ക്കും തീരുമാനത്തിനും വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

ഇടമലയാർ ഇറിഗേഷൻ പദ്ധതി

161 (2716) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാനുകൾ ഏതു മാസത്തിലാണ് സമർപ്പിക്കേണ്ടത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly